# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേർപ്പ് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ .ടി.എസ്.ആർ(പി2)2038/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 23/12/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേർപ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ .ടി.എസ്.ആർ(പി2)2038/2022. തീയ്യതി: 23/12/2022

## തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-09-2021 മുതൽ 19-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എൻ സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 21-11-2022 | 29-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-11-2022 | 29-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ശിവൻ പി എ ഓഡിറ്റ് ഓഫീസർ
ശ്രീമതി.സീനത്ത് പി എ ഓഡിറ്റ് ഓഫീസർ
ശ്രീമതി.വിദ്യ വിക്രമൻ അസി.ഓഡിറ്റ് ഓഫീസർ
ശ്രീ സ്റ്റാൻലി പി എസ് അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുനിത ആർ . സീ. ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സുജിഷ കള്ളിയത്ത് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ദിനേഷ് എം.കെ | സെക്രട്ടറി | 01-04-2021 | 14-04-2021 |
| പ്രതീഷ് വി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 15-04-2021 | 27-04-2021 |
| ജെ സുധ | സെക്രട്ടറി | 28-04-2021 | 25-09-2021 |
| പ്രതീഷ് വി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-09-2021 | 03-10-2021 |
| ഒ എം ഫ്രാൻസിസ് | സെക്രട്ടറി | 04-10-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| മാലിനി സി ഡി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഭാവന.പി.യു. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 14-01-2022 |
| ഇ ആർ നിമ്മി | അസിസ്റ്റന്റ് എഞ്ചിനീയർ | 15-01-2022 | 31-03-2022 |
| ഡോ.മനു.എം.ഗോപാൽ. | മെഡിക്കൽ ഓഫീസർ സിഎച്ച്.സി | 01-04-2021 | 24-08-2021 |
| ഡോ.അനില | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 25-08-2021 | 31-03-2022 |
| ഡോ.ഗംഗാദേവി സി | മെഡിക്കൽഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ.നീന കെ.ജെ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| നിർമല പി.പി | എച്ച്.എം | 01-04-2021 | 26-10-2021 |
| ഇ കെ ബീന | എച്ച്.എം | 27-10-2021 | 31-03-2022 |
| പ്രതീഷ് വി വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീലത കെ ബി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| സിമി എം വി | വി.ഇ.ഒ., എട്ടുമന | 01-04-2021 | 05-10-2021 |
| മീര വാര്യർ | വി.ഇ.ഒ., എട്ടുമന | 06-10-2021 | 31-03-2022 |
| അഖിൽഎം.എസ് | വി.ഇ.ഒ., ചേർപ്പ് | 01-04-2021 | 05-10-2021 |
| ഷിദ്രി | വി.ഇ.ഒ., ചേർപ്പ് | 06-10-2021 | 31-03-2022 |
| ഷിദ്രി | വി.ഇ.ഒ., ഊരകം | 01-04-2021 | 05-10-2021 |
| സുമിത ബേബി | വി.ഇ.ഒ., ഊരകം | 06-10-2021 | 31-03-2022 |

| | | | |
|---|---|---|---|
| മീന റസ്സൽ | ഡയറ ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | വസ്തുനികുതി-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-1 |
| 11 | വസ്തു നികുതി(നോൺറെസിഡൻഷ്യൽ(തൻവർഷം )-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-2 |
| 12 | വസ്തുനികുതി-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-3 |
| 13 | വസ്തുനികുതി കുടിശ്ശിക-നോൺ റെസിഡൻഷ്യൽ -വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-4 |
| 14 | വസ്തുനികുതി മുൻകൂർ- ക്രമീകരിക്കാനവശേഷിക്കുന്ന തുക-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-5 |
| 15 | വസ്തുനികുതി-സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തൽ ഇല്ല | 1-10-6 |
| 16 | ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-10-7 |
| 17 | ജേണൽ വൗച്ചർ- സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല | 1-10-8 |
| 18 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം ഡിമാന്റ് തയ്യാറാക്കുന്നില്ല | 1-10-9 |
| 19 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-10-10 |
| 20 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-10-11 |
| 21 | വസ്തുനികുതി കുടിശ്ശിക-പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-10-12 |
| 22 | “280000000-Prior Period Item”-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല | 1-10-13 |
| 23 | Capital Contribution” -45030023 വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല | 1-10-14 |
| 24 | ഗുണഭോക്താക്കൾ നേരിട്ട് വഹിക്കുന്ന ഗുണഭോക്തൃവിഹിതം വരുമാനമായും ചെലവായും ഉൾപ്പെടുത്തി-സാങ്കല്പിക വരുമാനം, ചെലവ് ആയി 51,17,750 | 1-10-15 |

| | | |
|---|---|---|
| | /- രൂപ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഉൾപ്പെടുത്തി. | |
| 25 | ലൈബ്രറി പുസ്തകങ്ങൾ-സ്റ്റോക്കെടുപ്പ് നടത്തേണ്ടതാണ് | 1-11 |
| 26 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-12 |
| 27 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-13 |
| 28 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല | 1-14 |
| 29 | സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-15 |
| 30 | അനധികൃത നിർമ്മാണം-രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് | 1-16 |
| 31 | കടമുറി-ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-17 |
| 32 | മുറിച്ച മരങ്ങൾ ലേലം നടത്തേണ്ടതാണ് | 1-18 |
| 33 | വസ്തു നികുതി- അപാകതകൾ | 1-19 |
| 34 | കെട്ടിടനിർമ്മാണചട്ടങ്ങൾ പാലിക്കേണ്ടതാണ് | 1-20 |
| 35 | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. | 1-21 |
| 36 | വയോജനങ്ങൾക്ക് കട്ടിൽ(എസ്.സി) -60 വയസ്സിൽ താഴെയുള്ള ഗുണഭോക്താവിന് കട്ടിൽ നൽകി. | 1-22 |
| 37 | കേരള വാട്ടർ അതോരിറ്റിക്ക് കുടിവെള്ള കരം അടക്കൽ-അധികം അടവാക്കിയ തുക ക്രമീകരിക്കേണ്ടതാണ്. | 1-23 |
| 38 | ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല | 1-24 |
| 39 | പാലിയേറ്റിവ്,കോവിഡ് പ്രതിരോധ പ്രവർത്തനം എന്നീ പദ്ധതികൾക്കുവേണ്ടിയുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല | 1-25 |
| 40 | അംഗനവാടി വൈദ്യുതീകരണം-പണി പൂർത്തീകരിച്ചിട്ടില്ല. | 1-26 |
| 41 | വെള്ളക്കെട്ട് നിവാരണം-വിവധ വാർഡുകളിലെ കാനനിർമാണം -കുഴിച്ചെടുത്ത മണ്ണ് ആവശ്യമായ സ്ഥലങ്ങളിൽ നിക്ഷേപിക്കാൻ കൊട്ടേഷൻ ക്ഷണിക്കുംമുമ്പേ കൊട്ടേഷൻ ലഭിച്ച വ്യക്തി മണ്ണ് നീക്കം ചെയ്തു | 1-27 |
| 42 | 20-ാംനമ്പർ അംഗണവാടി-അപര്യാപ്തതകൾ പരിഹരിക്കേണ്ടതാണ് | 1-28 |
| 43 | പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികയിലും ഡ്രൈവർ തസ്തികയിലും ഒരാൾ തന്നെ സേവനമനുഷ്ഠിച്ചുവരുന്നു. | 1-29 |
| 44 | മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും മോണിറ്ററിങ്ങും | 1-30 |
| 45 | കരാറുകൾ ആധികാരികമായി ചമക്കുന്നില്ല | 1-31 |
| 46 | പ്രൈസ് സോഫ്റ്റ്‌വെയറിൽ അപാകത | 1-32 |
| 47 | വെള്ളക്കെട്ട് നിവാരണം -വിവിധ വാർഡുകളിൽ കാനനിർമാണം -അപാകത | 1-33 |
| 48 | മീനയാറ്റൽ ബണ്ടുകളുടെയും ചാലുകളുടെയും അറ്റകുറ്റപ്പണി-കയർ ഭൂവസ്ത്രം അണിയിച്ചിട്ടില്ല, തൈകൾ വെച്ചുപിടിപ്പിച്ചിട്ടില്ല | 1-34 |

| | | |
|---|---|---|
| 49 | തൊഴിലുറപ്പുപദ്ധതി പ്രവർത്തനം | 1-35 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-9 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| | | |
|---|---|---|
| ബജറ്റ് പാസ്സാക്കിയ തീയതി,<br>കമ്മിറ്റി തീരുമാനം | 16-02-2021 1(1) | |
| പ്രതീക്ഷിത വരവ്,<br>ചെലവ് എന്നിവ | വരവ് | ചെലവ് |
| | 22,56,70000/- | 232061000/- |
| റിവൈസ്ഡ് ബജറ്റ് പാസ്സാക്കിയ തീയതി,<br>കമ്മിറ്റി തീരുമാനം | 14-03-2022 2(1) | |
| പ്രതീക്ഷിത വരവ്,<br>ചെലവ് എന്നിവ | വരവ് | ചെലവ് |
| | 350722789/- | 375819561/- |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2022 | 29-07-2022 |

## 1-3 സാമ്പത്തിക വിശകലനം

| - | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 30291901.84 |
| ഓഡിറ്റ് വർഷത്തെ വരവ് | 132882545.00 |
| ആകെ | 163174446.84 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 127057090 |
| നീക്കിയിരിപ്പ് | 36117356.84 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/<br>ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18254702 | 18254702 | 18254666 | 36 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 13959182 | 13959182 | 13132334 | 826848 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-Tied (സ്പിൽ ഓവർ അലോട്ട്മെന്റ്) | 0 | 4899217 | 4899217 | 3101371 | 1797846 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-untied (സ്പിൽ ഓവർ അലോട്ട്മെന്റ്) | 0 | 2830737 | 2830737 | 2367286 | 463451 |
| ധനകാര്യകമ്മീഷൻ | 0 | 5621000 | 5621000 | 299274 | 5321726 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്-Tied (ബാങ്ക് അക്കൗണ്ട്) | | | | | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ്-untied (ബാങ്ക് അക്കൗണ്ട്) | 0 | 3817097 | 3817097 | 3747000 | 70097 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 11368000 | 11368000 | 6236872 | 5131128 |
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 0 | 7348923 | 7348923 | 6705328 | 643595 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 198 | 213723459 | 146 | 78539813 | 48 | 4 | 73.00% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 17142 | 849507 | 866649 | 866534 | 115 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 32908444 | 32908444 | 32908444 | 0 |

## 1-7 ക്ഷേമ പെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 2040 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 5583900 | 220 |
| വിധവാ പെൻഷൻ | 27816800 | 1805 |
| വാർദ്ധക്യകാലപെൻഷൻ | 45547600 | 3124 |
| വികലാംഗപെൻഷൻ | 5573100 | 359 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 3919300 | 256 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 210000 | 7 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2022 തീയതിയിൽ 3.10 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15594/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വാർഷിക കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്. പരാമർശിച്ചിട്ടുള്ള രജിസ്റ്ററുകളും ലോഗ് ബുക്കും പരിപാലിക്കേണ്ടതാണ്. ലൈഫ് ഭവനപദ്ധതി പൂർത്തീകരിക്കുന്നതിൽ ക്രിയാത്മകമായ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. പഞ്ചായത്തിന്റെ തനതുവരുമാനം യഥാസമയം ലഭ്യമാകുന്നതിന് സന്ദർഭോചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. കെട്ടിടനിർമാണചട്ടങ്ങൾ പാലിക്കുന്നതിന് വേണ്ടുന്ന രേഖകൾ യഥാസമയം ബന്ധപ്പെട്ട കക്ഷികളിൽനിന്നും ലഭ്യമാക്കി സൂക്ഷിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ അനുവാദമില്ലാതെ മണ്ണ് നീക്കം ചെയ്യപ്പെട്ടത് ആഭ്യന്തരനിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തേണ്ടതിന്റെ പ്രാധാന്യമാണ് സൂചിപ്പിക്കുന്നത്.

## 1-10-1 വസ്തുനികുതി-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3698142 | 3642361 | 35762 | 25847 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3698142 | 3636533 | 35762 | *25847 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *27152(/105X100)=25859 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-2 വസ്തു നികുതി(നോൺറെസിഡൻഷ്യൽ(തൻവർഷം )-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 5964255 | 5485189 | 78616 | 405506 |

| | | | | |
|---|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 5964255 | 5480133 | 78616 | *405506 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | ***(425805/105X100)=405528, (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-3 വസ്തുനികുതി-റെസിഡൻഷ്യൽ (കുടിശ്ശിക)-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക- റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 388434 | 365684 | 24090 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *382938 | 364344 | **24090 |
| | *(2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (368188+33897=402085/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (25337/105X100)=24130,ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-10-4 വസ്തുനികുതി കുടിശ്ശിക-നോൺ റെസിഡൻഷ്യൽ -വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

കുടിശ്ശിക-നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 994458 | 154342 | 840480 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 993440 | 153978 | 840561 |
| | (2020-21 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(466033+577079=1043112/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(882589/105X100)=840561 (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

"സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.

ഡിമാന്റ്-(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

### 1-10-5 വസ്തുനികുതി മുൻകൂർ- ക്രമീകരിക്കാനവശേഷിക്കുന്ന തുക-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2022 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410104-Advance Collection Of Revenues -Property Tax On Residential Building | 297584 | 305244 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 241086 | 247456 |

### 1-10-6 വസ്തുനികുതി-സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തൽ ഇല്ല

1/4/2021 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2021-22 വർഷത്തിൽ ചേർപ്പ് ഗ്രാമപഞ്ചായത്തിൽ 242 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2021-22ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഒരു എൻട്രി മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-10-7 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-വാർഷികകണക്കും ഡിമാന്റ് രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

2.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 188383 | 21230 | 209613 | 185361 | 18643 | 204004 | | | 1305 | 1247 | 2552 |
| | നോൺ-റെസിഡൻഷ്യൽ | 299671 | 50287 | 349958 | 275592 | 7814 | 283406 | 4014 | | 20299 | 42109 | 62408 |
| | ആകെ | | | 559571 | | | 487410 | 4014 | | 64960 | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 559571 | | | 488454 | | | | 494611 | 64960 | | |
| | | 69645+489926 =559571(2020-21ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | | | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2021-22) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ്-(കളക്ഷൻ+ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2.തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 488454 രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 491424 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല.

## 1-10-8 ജേണൽ വൗച്ചർ- സാധൂകരിക്കുന്ന രേഖകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-10-9 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം ഡിമാന്റ് തയ്യാറാക്കുന്നില്ല

2021-22 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ

അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക(കെട്ടിടങ്ങൾ) | 130100101-Rent From Building | 203071 | 28/02/22<br>31/03/22 | 421100137<br>42100351 |
| 2. | തൊഴിൽ നികുതി ട്രേഡേഴ്സ്...... | 110200101-professinal Tax Traders/...... | 971060 | 4/03/22 | 42100135 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-10-10 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ്- കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

10.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivents"ആയി രേഖപ്പെടുത്തിയിരിക്കുന്നത് (12841125) രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (3274600)രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-10-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-10-12 വസ്തുനികുതി കുടിശ്ശിക-പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.
ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ റവന്യൂറിക്കവറി തുക ഒഴികെ എല്ലാനികുതികളും പിരിച്ചെടുത്തിട്ടുള്ളതാണ് എന്ന് അറിയിച്ചിട്ടുണ്ട്. റവന്യൂറിക്കവറി തുക എത്രയെന്നും നടപടി സ്വീകരിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-10-13 “280000000-Prior Period Item”-വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

7.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം “280000000-Prior Period Item” എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2022-ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior Period Income -Property Tax On | (7659) |

| | |
|---|---|
| Residential Buildings | |
| 280100102-Prior Period Income-Profession Tax -Institutions/professionals/traders | (6750) |
| 280100104 -Priorperoid Income--Property Tax On Non-residential Buildings | (1321) |
| 280200101-Prior Period Income-Rent From Building | 94343 |
| 280200401-Prior Period Income-Other Income | 4500 |
| 280800201-Prior Period-administative Expenses | (42978) |
| 280800501-Prior Period- Programme Expenses | (2133699) |

### 1-10-14 Capital Contribution" -45030023 വർക്ക് ഷീറ്റ് ലഭ്യമാക്കിയിട്ടില്ല

31/3/2022-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" 45030023 - ആണ്. ആയത് 31/3/2021-ലെ ഇതേ ശീർഷകത്തിലെ തുകയേക്കാൾ 5182951/-(45030023-39847072) രൂപ കൂടുതലാണ്. ടി തുക കണക്കാക്കിയതിന്റെ വർക്ക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

### 1-10-15 ഗുണഭോക്താക്കൾ നേരിട്ട് വഹിക്കുന്ന ഗുണഭോക്തൃവിഹിതം വരുമാനമായും ചെലവായും ഉൾപ്പെടുത്തി-സാങ്കല്പിക വരുമാനം, ചെലവ് ആയി 51,17,750 /- രൂപ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ ഉൾപ്പെടുത്തി.

പഞ്ചായത്തിലെ വിവധ പദ്ധതികളുടെ നിർവ്വഹണം നടപ്പിലാക്കിയപ്പോൾ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിച്ച ഗുണഭോക്തൃ വിഹിതമായ 51,17,750/- പഞ്ചായത്തിന്റെ വരുമാനമായും ചെലവായും ഇൻകം & എക്സ്പെൻഡിച്ചർ കണക്കിൽ ഉൾപ്പെടുത്തി വാർഷിക കണക്ക് തയ്യാറാക്കിയിരിക്കുന്നത്. ടി തുക പഞ്ചായത്തിൽ ഗുണഭോക്താക്കൾ അടക്കുന്നതു മൂലം ലഭിക്കുന്ന/ലഭിച്ച തുകയോ, പഞ്ചായത്തിന് അക്രൂ ചെയ്ത തുകയോ, പഞ്ചായത്തിന് വേണ്ടി ഒരു കക്ഷി മൂന്നാം കക്ഷിക്കുവേണ്ടി നൽകുന്ന തുകയോ അല്ല. പഞ്ചായത്ത് നൽകുന്ന സബ്സിഡി തുകയിലൂടെ ഗുണഭോക്താവ് ആർജ്ജിക്കുന്ന ആസ്തി/ചെലവിന്റെ മൂല്യം പഞ്ചായത്തിന്റെ വാർഷികകണക്കിൽ ചേർക്കുന്നതിനാൽ പഞ്ചായത്തിന്റെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക യിൽ സാങ്കല്പിക വരുമാനവും ചെലവും രേഖപ്പെടുത്തുന്നു. ഇപ്രകാരം പഞ്ചായത്തിന്റെ വരുമാനമായും ചെലവായും ഉൾപ്പെടുത്തിനടപ്പാക്കിയ പദ്ധതികളും ചെലവഴിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് | ജേണൽ വൗച്ചർ നമ്പർ | സാംഖ്യയിൽ ഉൾപ്പെടുത്തിയ ചെലവ് ഹെഡ്സ് | തുക |
|---|---|---|---|
| 47/22-വളം വിതരണം -തെങ്ങ് കൃഷി | 42100153 | 250100901-Agriculure &Related Sector-coconut | 200000 |
| 51/22-വളം വിതരണം-വാഴകൃഷി | 42100154 | 250101202 -Agriculure &Related Sector-platain-scp | 25000 |
| 43/22-വളം വിതരണം-വാഴകൃഷി-വനിത | 42100155 | 250101201--Agriculure &Related Sector-platain-general | 200000 |
| 37/22-SLBP | 42100156 | 250103401-Livestock Breeding | 625000 |
| 55/22-കാലിതീറ്റവിതരണം | 42100157 | 250103101-Animalhusbandary-cow-general | 1280000 |
| 125/22-കാലിതീറ്റവിതരണം | 42100158 | 250103101-Animalhusbandary-cow-general | 1280000 |
| 124/22-SLBP | 42100159 | 250103101-Animalhusbandary-calf-general | 625000 |
| 130/22 | 421100160 | 250100601-agri Fisheries-general | 165600 |

| | | | |
|---|---|---|---|
| 131/22 | 421100161 | 250100602-agri Fisheries-scp | 34500 |
| 132/22 | 421100161 | 250100602-agri Fisheries-scp | 590400 |
| 132/22 | 421100163 | 250100602-agri Fisheries-scp | 92250 |
| ആകെ | | | 5117750 |

ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന തുക 160300206 എന്ന Benificiaroy Contribution ഹെഡ്ഡിൽ വരുമാനമായും മേൽ കാണിച്ച പ്രകാരം വിവിധചെലവ് ഹെഡ്ഡിൽ ചെലവായും ജേണൽ മുഖേന വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നതിന് അക്കൗണ്ട്സ് ചട്ടത്തിലോ അക്കൗണ്ടിങ്ങ് പോളിസിയിലോ നിർദ്ദേശിച്ചിതായി കാണുന്നില്ല. ഇപ്രകാരം വാർഷിക കണക്കിൽ രേഖപ്പെടുത്തൽ വരുത്തിയതിന് മറുപടി ലഭ്യമാക്കേണ്ടതാണ്. ഇപ്രകാരം വാർഷികകണക്കുകളിലെ തുകകൾ സ്ഥാപനത്തിന്റെ യഥാർത്ഥ പ്രവർത്തനം വെളിപ്പെടുത്തുന്നതിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നതായി ഓഡിറ്റിൽ അഭിപ്രായപ്പെടുന്നു. (ഓഡിറ്റ് എൻക്വയറി19 തീ. 28/11/2022)

## 1-11 ലൈബ്രറി പുസ്തകങ്ങൾ-സ്റ്റോക്കെടുപ്പ് നടത്തേണ്ടതാണ്

ലൈബ്രറി സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 28.3.2012 ന ശേഷം പുതിയ പുസ്തകങ്ങൾ വാങ്ങിയ രേഖപ്പെടുത്തൽ ഇല്ല. മേൽ തീയതി മുതൽ നാളിതുവരെ ലൈബ്രറിയിൽ വർഷാന്ത്യ സ്റ്റോക്കെടുപ്പ് നടത്തിയിട്ടില്ല. പുസ്തകങ്ങളുടെ സ്റ്റോക്കെടുപ്പ് നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, ക്രമ നം.139 പ്രകാരം കള്ള് ഷാപ്പ്, 132 പ്രകാരം ക്ഷീര സഹകരണ സംഘങ്ങൾ മുതലായവക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ക്ഷീര സഹകരണ സംഘങ്ങൾ എന്നിവ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ എല്ലാ റേഷൻ കടകൾക്കും കള്ളുഷാപ്പുകൾക്കും ക്ഷീര സഹകരണ സംഘങ്ങൾക്കും നിയമപ്രകാരം നോട്ടീസ് നൽകി ലൈസൻസോട് കൂടി പ്രവർത്തിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്

2) ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ താമസിച്ച കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവേ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ച കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204) ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഓഡിറ്റോറിയങ്ങൾ ലൈസൻസ് ഇല്ല. ഇവയിൽ നിന്നും വരുമാനത്തിനനുസൃതമായി സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. സ്വകാര്യ ഓഡിറ്റോറിയങ്ങൾ ലൈസൻസോട് കൂടി പ്രവർത്തിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്

## 1-13 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

തൊഴിൽ നികുതി രജിസ്റ്ററും ലൈസൻസ് അപേക്ഷയും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1. | സി.എ.എ ടൈൽസ് | 9 |
| 2. | എം.പി.എം ഗോൾഡ് ഹൗസ് | 6 |
| 3. | രാജ് ഗോൾഡ് വർക്ക്സ് | 5 |
| 4. | നിഹാര ഗോൾഡ് ഡയമണ്ടസ് | 8 |
| 5 | പോളി സ്റ്റോർസ് | 12 |
| 6 | പ്ലാസ്റ്റിക് സൈൻ വേൾഡ് | 10 |
| 7 | സ്റ്റാൻഡേർഡ് ഫർണിച്ചർ | 15 |

| | | |
|---|---|---|
| 8 | സെന്റ് ഫ്രാൻസിസ് സോമിൽ | 5 |
| 9 | ഫ്രഷ് കാർട് സൂപ്പർ മാർക്കറ്റ് | 10 |
| 10 | ഇ.ജി എക്കോ സൊല്യൂഷൻസ് | 8 |

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതും, ആയത് ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-14 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ, ചട്ടം 5 പ്രകാരം ഏതൊരു വ്യാപാര സ്ഥാപനവും ആരംഭിക്കുന്നതിന് മുൻപ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഒരോ വർഷവും പുതുക്കേണ്ടതുമാണ്. ലൈസൻസ് രജിസ്റ്റർ പ്രകാരം 2021-22 ൽ 989 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കെട്ടിടവിവരങ്ങൾ ഉൾപ്പെട്ടിട്ടുള്ള സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 4316 കെട്ടിടങ്ങൾക്ക് വ്യാപാര ആവശ്യങ്ങൾക്കായി നമ്പർ നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് നല്കിയ സ്ഥാപനങ്ങളുടെ എണ്ണവും, മേൽ പറഞ്ഞപ്രകാരം പാർപ്പിടാവശ്യത്തിനല്ലാതെയുള്ള ഉപയോഗക്രമമുള്ള കെട്ടിടങ്ങളുടെ എണ്ണവും തമ്മിൽ വലിയ അന്തരമുള്ളതാണ്. ഗ്രാമ പഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ആയതിനാൽ തന്നെ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് അനുവദിക്കുകയും, ആയതിൽ നിന്ന് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം മുഴുവൻ ലഭ്യമായിട്ടുണ്ടോ എന്നും, നിയമാനുസൃതമായ എല്ലാ നിബന്ധനകളും പാലിച്ചാണോ ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന സ്ഥാപങ്ങൾ നിലനിൽക്കുന്നതെന്നും പരിശോധിച്ചുറപ്പുവരുത്താനാകുന്നില്ല. വാർഡ് തലത്തിൽ കെട്ടിടങ്ങളുടെ വിവരങ്ങൾ പരിശോധിച്ച് എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തികൊണ്ട് വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും എല്ലാ വ്യാപാര സ്ഥാപനങ്ങളുടെയും ലൈസൻസ് ഉറപ്പാക്കേണ്ടതുമാണ്.

## 1-15 സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

I. കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി ) ചട്ടം 4 അനുസരിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ബിസിനസ്സ് ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

എന്നാൽ 2021-22 വർഷത്തിൽ താഴെ കൊടുക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1.തൃശ്ശൂർ സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്

2.തൃശ്ശൂർ സഹകരണ കാർഷിക വികസന ബാങ്ക്

3.ചേർപ്പ് വല്ലച്ചിറ കോ.സൊസൈറ്റി

4.ചേർപ്പ് ഹാന്റ്ലൂം സൊസൈറ്റി ലിമിറ്റഡ്

5.തൃശ്ശൂർ താലൂക്ക് ഫർണിച്ചർ ഇൻഡസ്ട്രിയലിസ്റ്റ് ഡെവലപ്മെന്റ് സഹകരണ സംഘം

6.മുത്തൂറ്റ് ഫിൻകോർപ്പ് പൂച്ചിനിപാടം

7.മുത്തൂറ്റ് ഫിൻകോർപ്പ് ചേർപ്പ്

8.കേരള ഗ്രാമീൺ ബാങ്ക്,പെരുമ്പിളിശ്ശേരി

9.കേരള ഗ്രാമീണ ബാങ്ക് പെരുമ്പിള്ളിശ്ശേരി

10.മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ്

11.പി എൻ വൈ സഭ ഫിനാൻസ് ലിമിറ്റഡ്

12.ചേർപ്പ് കുറീസ് പ്രൈവറ്റ് ലിമിറ്റഡ്

13.ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക്

14.റിലയൻസ്

15.ശുഭകിരൺ ക്യാപിറ്റൽ ലിമിറ്റഡ്

സ്ഥാപന തൊഴിൽ നികുതിഈടാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 13/25.11.22 മറുപടി ലഭ്യമാക്കിയില്ല.സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

II. സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ബിസിനസ്സ് ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യതപരിശോധിക്കാൻ സാധിച്ചില്ല.

സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ എഴുതി തയ്യാറാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-16 അനധികൃത നിർമ്മാണം-രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

2021-22ൽ പഞ്ചായത്ത് പരിധിയിൽ നിരവധി കെട്ടിടങ്ങൾ ക്രമവത്ക്കരണം നടത്തിയിട്ടുണ്ട്. അനധികൃത നിർമ്മാണങ്ങൾ പ്രാരംഭത്തിൽ തന്നെ തടയുന്നതിന് നടപടി സ്വീകരിക്കേണ്ടതും ആയത് ഫലപ്രദമായി നടപ്പിലാക്കുന്നതിന് ഫീൽഡ് പരിശോധന കൂടി നടത്തേണ്ടതാണ്.

2019 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 95(3) പ്രകാരം ക്രമവത്ക്കരിച്ച വിവരം സെക്രട്ടറി Appendix G2 Form ൽ രജിസ്റ്റർ ചെയ്തു സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത രജിസ്റ്റർ തയ്യാറാക്കേണ്ടതും പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-17 കടമുറി-ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്ത് മാർക്കറ്റിലെ പട്ടികജാതികാർക്കായി സംവരണം ചെയ്തിട്ടുള്ള 20-ാം നമ്പർ കടമുറി പുനർലേലം ചെയ്യുന്നതിന് 23.2.2021-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 12(1) എടുത്തിരുന്നു എന്നാൽ നാളിതുവരെ കടമുറി വാടകയ്ക്ക് നൽകിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 8/24.11.222 മറുപടിയായി കടമുറി അറ്റകുറ്റ പണികൾ നടത്തി ഉപയോഗയോഗ്യമാക്കേണ്ടതുണ്ടെന്നും ആയതിനു ശേഷം പഞ്ചായത്ത് തീരുമാനത്തിന് വിധേയമായി പുനർ ലേലം നടത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് .

കടമുറി ഉപയോഗയോഗ്യമാക്കി വാടകയ്ക്ക നൽകുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 മുറിച്ച മരങ്ങൾ ലേലം നടത്തേണ്ടതാണ്

| പഞ്ചായത്ത് കമ്മിറ്റി തീരുമാനം | വിഷയം |
|---|---|
| 1.10.21ലെ തീ.4(1) | അപകട ഭീഷണിയുള്ള മരങ്ങൾ വിൽപ്പന നടത്തുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |
| 30.10.21 തീ.26(1) | ഒന്നാം വാർഡിൽ റേഷൻകട പരിസരത്ത് അപകടാവസ്ഥയിൽ നിൽക്കുന്ന മഴമരം ലേലം ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |
| 30.10.21 തീ.26(2) | 12-ാം വാർഡിലെ ആൽമരം 3-ാം വാർഡിലെ മഹാഗണി മരം എന്നിവ മുറിച്ചുമാറ്റുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. |

പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്മേൽ സ്വീകരിച്ച തുടർ നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് (8/24.11.22 )മരങ്ങൾ മുറിച്ച് വില്പന നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വെങ്കിലും വാലുവേഷൻ കൂടുതലായതിനാൽ ആരും ലേലം കൊണ്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മുറിച്ച മരങ്ങൾ ലേലം നടത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 വസ്തു നികുതി- അപാകതകൾ

1.അബ്ദുള്ള, കടുങ്ങാട്ടുപറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ നിലവിലുള്ള 299.53 ച.മീ. വിസ്തീർണമുള്ള വ്യവസായ ആവശ്യത്തിനുള്ള കെട്ടിടത്തിന് (കെട്ടിടനം. 16/99/B) റോഡിന്റെ തരത്തിന് വർദ്ധനവില്ലാതെയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ടി കെട്ടടത്തിനോട് പണിതിട്ടുള്ള 263.83 ച.മീ. വിസ്തീർണമുള്ള കെട്ടിടത്തിന് (കെട്ടിടനം. 16/99/A) റോഡിന്റെ തരത്തിന് 20% വർദ്ധനവോടു കൂടിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 16/99/A നമ്പർ കെട്ടിടത്തിന് വസ്തു നികുതി നിർണ്ണയം നടത്തിയത് 2015ലായതിനാൽ പരിശോധിച്ച് അറിയിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക് 18/28.11.22 മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നടപടി വിവരം അറിയിക്കേണ്ടതാണ്.

2.പ്രീന, തയ്യിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ ഉള്ള 23.54 ച.മീ. വിസ്തീർണമുള്ള വാണിജ്യ കെട്ടിടത്തിന് (കെട്ടിടനം. 11/530E) 2021-22 ഒന്നാം അർദ്ധവർഷം മുതൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത കംപ്ലീഷൻ പ്ലാൻ പ്രകാരം പ്ലോട്ടിൽ നിലവിലുള്ള വാസഗൃഹത്തിന് (കെട്ടിടനം. 11/530 C) 227.03 ച.മീ. തറവിസ്തീർണമുണ്ട്. [ഗ്രൗണ്ട് ഫ്ലോർ-148.85ച.മീ., ഫസ്റ്റ് ഫ്ലോർ - 78.18ച.മീ. ]. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാസഗൃഹത്തിന് 189.9 ച.മീ. തറവിസ്തീർണമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വസ്തു നികുതി പുനർനിർണയിച്ച് അറിയിക്കേണ്ടതാണ്.

## 1-20 കെട്ടിടനിർമ്മാണചട്ടങ്ങൾ പാലിക്കേണ്ടതാണ്

2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണചട്ടങ്ങൾ ചട്ടം 5(4) പ്രകാരം ഗ്രൂപ്പ് F ഒക്യുപൻസിയിൽപ്പെട്ട് നിർമ്മിത വിസ്തൃതി 300 ച.മീറ്ററിൽ കൂടുതലും 1000 ച.മീറ്ററിൽ കുറവുള്ള എല്ലാ കെട്ടിടങ്ങൾക്കും National Building Code Of India, 2016-ലെ പാർട്ട് 4 ഫയർ ആന്റ് സേഫ്റ്റിലേയും തുടർഭേദഗതികളിലേയും അഗ്നി സുരക്ഷാ മാനദണ്ഡങ്ങൾക്കും പിന്നീടുള്ള ഭേദഗതികൾക്കും വിധേയമായാണ് കെട്ടിടത്തിന്റെ നിർമ്മാണം നടപ്പാക്കുന്നതെന്ന് കാണിച്ചുകൊണ്ടുള്ള പ്ലാനും, പ്ലാൻ തയ്യാറാക്കിയ ആർക്കിടെക്റ്റ്/എഞ്ചിനീയറുടെ സാക്ഷ്യപത്രവും, Appendix L ൽ അപേക്ഷനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. പകർപ്പ് അടുത്തുള്ള ഫയർ സ്റ്റേഷനിൽ സമർപ്പിക്കേണ്ടതുമാണ്.

എന്നാൽ ഗ്രൂപ്പ് F ഗണത്തിൽപ്പെട്ട സന്ധ്യ വി, വാഴപ്പിള്ളി എന്നിവരുടെ ഉടമസ്ഥതയിലുള്ള ഊരകം വില്ലേജ് സർവ്വേ നം. 77/1-1 ൽ 439.68 M2 കെട്ടിടനിർമ്മാണത്തിനും, ലീന രാമചന്ദ്രൻ, വാലിപറമ്പിൽ എന്നിവരുടെ ഉടമസ്ഥതയിലുള്ള ചേർപ്പ് വില്ലേജ് സർവ്വേ നം 388/1/1ൽ 439.68 M2 കെട്ടിടനിർമ്മാണത്തിനും അപേക്ഷകനും ലൈസൻസിയും ഒപ്പുവെച്ച സാക്ഷ്യപത്രം (Appendix L) ഓഡിറ്റ് എൻക്വയറി 18/28.11.22 നൽകിയതിനെ തുടർന്നാണ് അപേക്ഷകനിൽ നിന്നും ലഭ്യമാക്കിയത്. ചട്ടപ്രകാരമുള്ള എല്ലാ രേഖകളും യഥാസമയം വാങ്ങി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളിൽ പദ്ധതി നിർവ്വഹണത്തിനായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് നൽകിയ തുകകളുടെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി നം. /പദ്ധതിയുടെ പേര് | തുക കൈമാറിയ സ്ഥാപനം | ബിൽ നം. /വൗച്ചർ നം./തിയതി | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | 89/22 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ-89/22 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 22101397/31.3.22 | 892198 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |
| 2 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ204/22 വിവിധ വികസന പ്രവർത്തനങ്ങൾക്കായി ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ.എസ്.ഇ.ബി | 22101396/31.03.22 | 514368 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |
| 3 | പോസ്റ്റ് ഷിഫ്റ്റിങ്ങ് 98/22 IKM വിഹിതം നൽകൽ | കെ.എസ്.ഇ.ബി | 22101395/31.03.22 | 445575 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |
| 4 | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ- | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 1) 22101379/31.03.22 | 166038 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |
| 5 | 75/22 ക്യാൻ ജില്ലാപഞ്ചായത്ത് വിഹിതം നൽകൽ | ജില്ലാപഞ്ചായത്ത്, തൃശ്ശൂർ | 22100874/08.2.22 | 200000 | കൈപ്പറ്റ് രശീത്,വിനിയോഗവിവരം എന്നിവയില്ല. |
| 6 | 04/22, IKM വിഹിതം | IKM | 18/23.10.22 | 83000 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |
| 7 | 5/22 സാമൂഹ്യ സുരക്ഷ മിഷന് തുക നൽകൽ | കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | 6/23.06.22 | 500000 | വിനിയോഗവിവരം ലഭ്യമായിട്ടില്ല. |

വിനിയോഗ/ പൂർത്തീകരണ സാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-22 വയോജനങ്ങൾക്ക് കട്ടിൽ(എസ്.സി) -60 വയസ്സിൽ താഴെയുള്ള ഗുണഭോക്താവിന് കട്ടിൽ നൽകി.

പ്രോജക്ട് നം. 24/22.
നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് സെക്രട്ടറി

വകയിരുത്തിയ തുക-263655/-

ചെലവ്- 251000/-

22101149/17.01.22-179899/-

22101149/17.01.22-20919/-

22101328/22.02.22-29286/-

22101233/24.02.22-20896/-

വയോജനങ്ങൾക്ക് കട്ടിൽ (എസ്.സി) പദ്ധതി പ്രകാരം 60 കട്ടിൽ (കട്ടിലൊന്നിന് ₹4183.33 നിരക്കിൽ) വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ സുബ്രൻ.ടി.കെ, S/o. കുമാരൻ, തച്ചാട്ട് ഹൗസ്, പൊട്ടുചിറ എന്ന ഗുണഭോക്താവിന് 898144719396 ആധാർ കാർഡ് പ്രകാരം 1966 ആണ് ജനനതിയ്യതിയായി രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് പ്രകാരം ടിയാന് 56 വയസ്സ് മാത്രമാണ് പൂർത്തിയായിട്ടുള്ളത്. 60 വയസ്സ് തികഞ്ഞ ഗുണഭോക്താവിന് മാത്രമാണ് മേൽ പദ്ധതി പ്രകാരം കട്ടിൽ ലഭിക്കുന്നതിന് അർഹതയുള്ളത്. ആയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി(23/29.11.22) നൽകിയതിന് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ ഈ ഇനത്തിൽ ചെലവ് ചെയ്ത ₹4183/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 കേരള വാട്ടർ അതോരിറ്റിക്ക് കുടിവെള്ള കരം അടക്കൽ-അധികം അടവാക്കിയ തുക ക്രമീകരിക്കേണ്ടതാണ്.

പ്രോജക്ട് നം. 93/22.

വകയിരുത്തിയ തുക 2698619/-

കേരള വാട്ടർ അതോരിറ്റിയുമായി സംയുക്ത പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ ആകെയുണ്ടായിരുന്ന 534 പൊതുടാപ്പുകളിൽ 86 എണ്ണം ഒഴിവാക്കി 448 എണ്ണമായി കുറവ് വരുത്തിയിട്ടുണ്ട്. ആയത് കുറവ് ചെയ്യുന്നതിന് 24.08.22 ലെ കത്ത് നം. എ1-5011/21 പ്രകാരം കേരള വാട്ടർ അതോരിറ്റിക്ക് കത്ത് നൽകിയെങ്കിലും 21-22 സാമ്പത്തിക വർഷം മുഴുവൻ 534 പൊതുടാപ്പുകളുടെ വെള്ളക്കരം അടവാക്കിയിട്ടുണ്ട്.ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വൗച്ചർ നം.തി. | തുക |
|---|---|---|
| 1 | 22100276/08.07.21 | 245329/- |
| 2 | 22100336/02.08.21 | 245329/- |
| 3 | 22100423/11.09.21 | 245329/- |
| 4 | 22100488/07.10.21 | 245329/- |
| 5 | 22100580/02.11.21 | 245329/- |
| 6 | 22100672/02.12.21 | 245329/- |
| 7 | 22100865/03.01.22 | 245329/- |
| 8 | 22100854/03.02.22 | 245329/- |
| 9 | 22100965/04.03.22 | 245329/- |
| | | 2207961/- |

448 പൊതുടാപ്പുകൾക്ക് 5512.5 രൂപ വീതം പ്രതിമാസം 205800/- രൂപ മാത്രമാണ് അടവാക്കേണ്ടത്. അധികം അടവാക്കിയ (2207691-1852200(205800*9) =355491/- രൂപ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി-21/29.11.22)

## 1-24 ഭവനനിർമ്മാണം പൂർത്തികരിച്ചിട്ടില്ല

പ്രോജക്ട് - ലൈഫ് ഭവന പദ്ധതി – എസ്സ്.സി (48/22)

ചെലവ് – 3560000/ - (ഫണ്ട് -എസ്സ്.സി)

160000 /- (ബ്ലോക്ക് വിഹിതം)

നിർവ്വഹണം – വി.ഇ.ഒ, ഊരകം

2020-21 വർഷം എഗ്രിമെന്റ് വച്ച് ഭവന നിർമ്മാണത്തിനായി ആദ്യഗഡു 40000/- രൂപയും, തുടർന്ന് 2021-22 വർഷം 260000/ - രൂപയും കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ 2022-23 സാമ്പത്തിക വർഷം (ഓഡിറ്റ് കാലയളവായ 11/2022ലും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. തൻവർഷം തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു (ആദ്യ ഗഡു നൽകിയതിന്റെ വിവരം 2020-21 ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്).

| ഗുണഭോക്താവിന്റെ പേര് മേൽവിലാസം | നൽകിയ തുക | ട്രഷറി ബിൽ നമ്പർ |
|---|---|---|
| ചന്ദ്രിക ശങ്കരൻ,കിഴക്കേമഠം, ചേർപ്പ് | 160000 | 35/23.2.22-160000 |
| | 100000 | 43/16.3.22-2,25,000 |
| 2021-22 നൽകിയത് | 260000 | |
| 2020-21 നൽകിയത് | 40000 | |
| ആകെ | 300000 | |

300000/- രൂപ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിന്റെ കാരണം അറിയിക്കേണ്ടതാണ്.

2.പ്രോജക്ട് - ലൈഫ് ഭവന പദ്ധതി-ജനറൽ (40/22)

ചെലവ് -3691333/ - (ഫണ്ട് -വികസനം ജനറൽ)

465218 /- (ബ്ലോക്ക് വിഹിതം)

1400000/- (സ്റ്റേറ്റ് വിഹിതം)

നിർവ്വഹണം – വി.ഇ.ഒ (എട്ടുമന)

മേൽ പദ്ധതി പ്രകാരം കനകലത രാജൻ, പെരുമ്പിലിശ്ശേരി, വാർഡ് 15 എന്നവർ തൻവർഷം 136551/- രൂപ ഭവന നിർമ്മാണത്തിനായി കൈപ്പറ്റിയിട്ടുണ്ട് എന്നാൽ ഇതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. ആയതിന്റെ കാരണം അറിയിക്കേണ്ടതാണ്. നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നൽകിയ തുക | ട്രഷറി ബിൽ നമ്പർ |
|---|---|
| 40000 | 9/27.1.22-280000 |
| 96551 | 15/16.3.22-231333 |
| 136551 | ആകെ |

ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുകയോ അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 17/28.11.22

## 1-25 പാലിയേറ്റിവ്,കോവിഡ് പ്രതിരോധ പ്രവർത്തനം എന്നീ പദ്ധതികൾക്കുവേണ്ടിയുള്ള മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ

സി.എച്ച്.സി ചേർപ്പിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷന് ചുവടെ ചേർത്ത പ്രകാരം തുക നൽകിയിട്ടുണ്ട് . മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് | ട്രഷറിബിൽ നമ്പർ/തീയതി/ ബിൽതുക | നൽകിയതുക | ലഭിച്ചമരുന്നിന്റെ തുക | ലഭിക്കാനുള്ള മരുന്നിന്റെ തുക | പ്രഫോർമ ഇൻവോയിസ് നം. |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| കോവിഡ് പ്രതിരോധ പ്രവർത്തനം-ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങൽ | 4/5-7-21 /146251 | 49712 | 30194 | 19518 | PRF715/16.6.21 |
| | 7/28-7-21 /300000 | 300000 | 250122 | 49878 | PRF1156/13.7.21 |
| 27/22-പാലിയേറ്റീവ് കെയർ പ്രോഗ്രാം | 25/25.3.22/ 250000 | 250000 | 223096 | 26904 | PRF5315/31.01.22 |
| | 22/07-2-22 /77441 | 42936 | - | 42936 | - |
| ആകെ | | | | 136236 | |

മരുന്നുകൾ പൂർണ്ണമായി ലഭ്യമാക്കി വിവരം ഓഡിറ്റ് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ്എൻക്വയറി 16/28.11.22

## 1-26 അംഗനവാടി വൈദ്യുതീകരണം-പണി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം. 91/22
നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

എഗ്രിമെന്റ് നം. 14/21-22 Dt.29.12.21

കരാറുകാരൻ –കിരൺ എം. ജി
നിർവ്വഹണ ഉദ്യോഗസ്ഥൻ –സെക്രട്ടറി

1, 8, 11 വാർഡുകളിലെ യഥാക്രമം 2,10,14 എന്നീ അംഗനവാടികളുടെ വൈദ്യുതീകരണത്തിന് വേണ്ടി പ്രോജക്റ്റ് തയ്യാറാക്കുകയും, അംഗനവാടി നം. 10, 14 എന്നിവയുടെ പണി പൂർത്തീകരിച്ച് പാർട്ട് ബിൽ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അംഗനവാടി നം. 2 ന്റെ വൈദ്യുതീകരണം പൂർത്തീകരിച്ച് ഫൈനൽ ബിൽ തയ്യാറാക്കിയിട്ടില്ല. പണി പൂർത്തീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി-25/29.11.22) പണിപൂർത്തീകരിച്ചതിന്റെ വിവരങ്ങൾ അളവു പുസ്തകം സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-27 വെള്ളക്കെട്ട് നിവാരണം-വിവധ വാർഡുകളിലെ കാനനിർമാണം -കുഴിച്ചെടുത്ത മണ്ണ് ആവശ്യമായ സ്ഥലങ്ങളിൽ നിക്ഷേപിക്കാൻ ക്വൊട്ടേഷൻ ക്ഷണിക്കുംമുമ്പേ ക്വൊട്ടേഷൻ ലഭിച്ച വ്യക്തി മണ്ണ് നീക്കം ചെയ്തു

പ്രോജക്റ്റ് നമ്പർ 140/22 പ്രകാരം വിവിധ വാർഡുകളിൽ കാനനിർമാണവുമായി ബന്ധപ്പെട്ട കുഴിച്ചെടുത്ത മണ്ണ് 20.05m³ ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപവും, 13.32m³ പാറക്കോവിൽ റോഡിന് സമീപവും 144.87m³ കുവപ്പുഴ റോഡിന് സമീപവും 12.74m³ പാമ്പൻ തോടിന് സമീപവും 29.79m3 പൂത്തറക്കൽ ക്ഷേത്രത്തിന് സമീപവും ഉള്ളത് (ആകെ 220.77m³) ലേലം ചെയ്യുന്നതിനായി 23/10/21-ലെ കത്ത് മുഖേന ഗ്രാമപഞ്ചായത്തിലെ അസി. എൻജിനീയർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരെ അറിയിച്ചിരുന്നതാണ്. ആയതിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 9(1) *30*1/10/21 നമ്പർ തീരുമാനപ്രകാരം ഇപ്രകാരം ലഭിച്ച മണ്ണ് ആവശ്യമായ സ്ഥലങ്ങളിൽ നിക്ഷേപിക്കാൻ നിശ്ചയിച്ചു.

തുടർന്ന് 21/3/22-ലെ A4-6908/22 നമ്പർ നോട്ടീസ് പ്രകാരം, പ്രവൃത്തിക്കായി ക്വൊട്ടേഷൻ ക്ഷണിക്കുകയും ആയത് തുറക്കുന്നതിന്റെ സമയം 1/4/22 രാവിലെ പതിനൊന്ന് മണിക്ക് ആയിരിക്കുമെന്നും പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. ഇത് പ്രകാരം ലഭിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. പി.കെ.സുനിൽകുമാർ എന്നവരുടെ, ഒരു യൂണിറ്റിന്റെ ട്രിപ്പിന് 400/- രൂപ, ഒന്നര യൂണിറ്റിന്റെ ട്രിപ്പിന് 500/- രൂപ, ജെ.സി.ബി. ഒരു മണിക്കൂറിന് 1300/- രൂപ എന്നീ നിരക്കും പഞ്ചായത്ത് കമ്മിറ്റിയുടെ 4(1)/5/4/22നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രവൃത്തി സംബന്ധിച്ച് മേൽനോട്ടം നടത്തുന്നതിനായി മൂന്ന് വാർഡ് മെമ്പർമാരുടെ സബ് കമ്മിറ്റി രൂപീകരിക്കുന്നതിനും, ചെയ്യുന്ന പ്രവൃത്തിയുടെ അളവെടുക്കാൻ അസി. എൻജിനീയറെയും ചുമതലപ്പെടുത്തുകയുമുണ്ടായി. മണ്ണ് നീക്കം ചെയ്യുന്നതിനും, വിവിധ സ്ഥലങ്ങളിൽ നിക്ഷേപിക്കുന്നതും സംബന്ധിച്ച ക്വൊട്ടേഷനിലും പ്രവൃത്തി നടത്തിപ്പിലും സംഭവിച്ച അപാകതകൾ താഴെ കൊടുക്കുന്നു.

1. ക്വൊട്ടേഷൻ ലഭിച്ച വ്യക്തി മണ്ണ് നീക്കം ചെയ്തതും, നിക്ഷപിച്ചതുമായി ബന്ധപ്പെട്ട് ഫയലിൽ സൂക്ഷിച്ചിരിക്കുന്ന ബില്ലുകൾ 9/3/22 തീയതിയിൽ, കരാറുകാരൻ തന്നെ ഒപ്പിട്ട കൃഷ്ണ എർത്ത് മൂവേഴ്സ് ഊരകം എന്ന സ്ഥാപനത്തിന്റെ 1348, 1349, 1350, 1351 എന്നീ നമ്പറുകളിലുള്ളതാണ്. പ്രസ്തുത ബില്ലുകൾ എല്ലാം തന്നെ മേൽ വ്യക്തമാക്കിയതു പ്രകാരം, ക്വട്ടേഷൻ ക്ഷണിക്കുന്നതിനും ആയത് അംഗീകരിക്കുന്നതിനും സബ് കമ്മിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ചതിന്റെ വളരെ മുമ്പുള്ളതാണ്.

2. 1/4/22 ന് ക്വൊട്ടേഷൻ തുറക്കുന്നതിനാണ് തീരുമാനിച്ചിരുന്നതെങ്കിലും, ആയത് 31/3/22 തുറന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

3. അസി. എൻജിനീയറുടെ കത്ത് പ്രകാരം വിവിധ സ്ഥലങ്ങളിൽ നിക്ഷേപിച്ചതും, നീക്കം ചെയ്യേണ്ടതുമായി കാണിച്ച മൊത്തം മണ്ണിന്റെ അളവ് 220.77m³ ആണെന്നിരിക്കെ ക്വൊട്ടേഷൻ ലഭിച്ച വ്യക്തി സമർപ്പിച്ച ബില്ലുകൾ പ്രകാരം നീക്കം ചെയ്ത മണ്ണിന്റെ അളവ് 16 യൂണിറ്റ് മണ്ണ് മാത്രമാണ്. ഒരു യൂണിറ്റ് മണ്ണ് 3m³ ആണെന്നിരിക്കെ ടിയാൻ നീക്കം ആകെ മണ്ണ് 48m³ മാത്രമാണ്. ആയത് വാർഡ് -VIII പെരുവനം ദേവസ്വം റോഡ് ഗതാഗതയോഗ്യമാക്കുന്നതിനും, പെരുവനം ചിറയ്ക്ക് അടുത്തുള്ള റോഡ് 10 മീറ്റർ നീളത്തിൽ നിരപ്പാക്കുന്നതിനും, വാർഡ്-VI-ൽ ചക്കാലയ്ക്കൽ ബൈലൈൻ റോഡിലെ കുഴി നികത്തുന്നതിനും വിനിയോഗിച്ചുട്ടുള്ളതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ബാക്കി നീക്കം ചെയ്യാൻ അവശേഷിച്ച മണ്ണ് നീക്കം ചെയ്തതു സംബന്ധിച്ചോ, ഗ്രാമപഞ്ചായത്ത് നിർദ്ദേശിച്ച സ്ഥലത്ത് നിക്ഷേപിച്ചതു സംബന്ധിച്ചതോ ആയ വിശദാംശങ്ങൾ ഒന്നും തന്നെ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതാണ്.

28/11/22-ന് ഗ്രാമപഞ്ചായത്തിലെ ഒവർസിയർ ഗ്രേഡ് 3 ശ്രീ. എ. സതീഷ് എന്നവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ, വളരെ കുറച്ച മണ്ണ് മാത്രമേ മണ്ണ് നീക്കം ചെയ്യുന്നതിന് നിർദ്ദേശിച്ച കൂവപ്പുഴ റോഡിന് സമീപവും ഗ്രാമപഞ്ചായത്ത് ഓഫീസിന് സമീപവും കാണുവാൻ കഴിഞ്ഞുള്ളൂ, അതു തന്നെ പുല്ലുകൾ വളർന്ന് പടർന്നുപിടിച്ച അവസ്ഥയിലുമായിരുന്നു.

കാനകളുടെ നിർമാണവുമായി ബന്ധപ്പെട്ട് വെട്ടിയെടുത്ത മണ്ണ് നീക്കം ചെയ്യുന്നതിനും, ആയതിനായി ലേല നടപടികൾ കൈക്കൊള്ളുന്നതും സംബന്ധിച്ച് അസി. എൻജിനീയർ യഥാസമയം കത്ത് നൽകിയിട്ടുണ്ടെന്ന് മേൽ വിശദാംശങ്ങളിൽ നിന്ന് വ്യക്തമാണ്. പക്ഷേ, വിവിധ സ്ഥലങ്ങളിൽ നിക്ഷേപിച്ച മണ്ണ് നീക്കം ചെയ്യുന്നതിനുള്ള ക്വൊട്ടേഷൻ നടപടികൾ സ്വീകരിക്കാൻ അഞ്ച് മാസമെടുത്തു. മേൽ വിവരിച്ചതിൽ നിന്നും ക്വൊട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതിനു മുൻപ് തന്നെ മണ്ണ് സൈറ്റിൽ നിന്നും എടുത്തു നീക്കിയിട്ടുള്ളതാണ്. മേൽ പറഞ്ഞതിൽ നിന്നും, ഗ്രാമ പഞ്ചായത്തിന് അവകാശപ്പെട്ട 172.77m³ അന്യാധീനപ്പെട്ടിട്ടുള്ളതാണ്. മണ്ണ് നഷ്ടപ്പെട്ടതിന്റെ വിവരം മേൽ തീരുമാന പ്രകാരം അളവെടുക്കുന്നതിന് നിയോഗിപ്പെട്ടിരുന്ന അസി. എഞ്ചിനീയറോ, ഭരണ സമിതിയോ, ഉപസമിതിയോ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി നം.24/29-11-22ന് മറുപടി അറിയിച്ചിട്ടില്ലാത്തതുമാണ്.

ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ട 172.77m³ മണ്ണ് സംബന്ധിച്ച് വിശദമായ അന്വോഷണം നടത്തേണ്ടതും, ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.24/29-11-22)

## 1-28 20-ാംനമ്പർ അംഗണവാടി-അപര്യാപ്തതകൾ പരിഹരിക്കേണ്ടതാണ്

28/11/29 ന് ഗ്രാമപഞ്ചായത്തിലെ തേഡ് ഗ്രേഡ് ഓവർസിയർ ശ്രീ. എ. സതീഷ്, എൻ. ആർ. ഇ.ജി. എസ്. അക്രഡിറ്റഡ് എൻജിനീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 19-ാം വാർഡിൽ സ്ഥിതിചെയ്യുന്ന 20-ാം നമ്പർ അംഗണവാടിയിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി. നിലവിൽ വളരെ പഴക്കമുള്ള ഓടിട്ട വാടകകെട്ടിടത്തിലാണ് അംഗണവാടി പ്രവർത്തിക്കുന്നത്. ഈ കെട്ടിടത്തിലേക്ക് പ്രവേശിക്കുന്ന ഹാളിലാണ് കുട്ടികളെ പഠിപ്പിക്കുന്നത്. അതിന് പിറകിലുള്ള മുറിയിൽ സാധനങ്ങൾ സൂക്ഷിക്കുന്നു. അതിനും പിറകിലുള്ള അടുക്കളയിലേക്ക് വീട്ടുടമസ്ഥന്റെ നീളമുള്ള ഒരു മുറി കടന്നിട്ടുവേണം പ്രവേശിക്കുന്നതിന് .കുട്ടികൾ പഠിക്കുന്ന ഹാളിന് അരികിലായി മറ്റൊരു മുറിയുള്ളതിൽ ഒരു ജോതിഷാലയം പ്രവർത്തിച്ചുവരുന്നുണ്ട്. മേൽ പറഞ്ഞ കുട്ടികളെ പഠിക്കാനിരുത്തുന്ന ഹാൾ വഴിയാണ് ജോതിഷാലയത്തിലേയ്ക്ക് പ്രവേശിക്കുന്നത്. പുറമെ നിന്നുള്ള ആളുകൾ നിരന്തരം അംഗണവാടി പ്രവർത്തിക്കുന്ന സ്ഥലത്തിലൂടെ കടന്നു പോകുന്നതു മൂലം അംഗണവാടിയുടെ പ്രവർത്തനം തടസ്സപ്പെടുന്ന അവസ്ഥയുണ്ടാകുന്നു.

വാർഷിക കണക്കു പ്രകാരം ICDS ഇനത്തിൽ ആകെ 7,14,362 രൂപയുടെ നീക്കിയിരിപ്പുള്ളതാണ്. ഈ അവസ്ഥയിൽ കൂടുതൽ സൗകര്യപ്രദവും, അംഗണവാടിയുടെ ആവശ്യത്തിന് മാത്രമായി ഉപയോഗിക്കുന്ന ഒരു കെട്ടിടം കണ്ടത്താൻ നടപടികളെടുക്കേണ്ടതാണ്.ഇതു സംബന്ധിച്ച സ്ഥലപരിശോധന റിപ്പോർട്ടിന് മറുപടിയായി എം.പി. ഫണ്ട് പ്രയോജനപ്പെടുത്തി പ്രസ്തുത അംഗണവാടിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി അംഗണവാടി കെട്ടിട നിർമ്മാണത്തിന് സത്വര

നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികയിലും ഡ്രൈവർ തസ്തികയിലും ഒരാൾ തന്നെ സേവനമനുഷ്ഠിച്ചുവരുന്നു.

പഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികയിലും ഡ്രൈവർ തസ്തികയിലും അജയ് നാഥ് എന്ന ഒരാൾ തന്നെ സേവനമനുഷ്ഠിച്ചുവരുന്നു. ടിയാൾക്ക് ലൈബ്രേറിയൻ തസ്തികയിൽ പ്രതിമാസം 12000 രൂപയും (തൻവർഷം 120000X12=144000/-), ഡ്രൈവർ തസ്തികയിൽ പ്രതിദിനം 500/- രൂപ ദിവസവേതന നിരക്കിലും (തൻവർഷം 1650000/- രൂപയും പ്രവൃത്തിചെയ്ത ദിവസങ്ങൾക്ക് ആനുപാതികമായി) വേതനം നൽകികാണുന്നു. ഡ്രൈവർ തസ്തികയിൽ നിയമനം നടത്താതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു. മുൻപ് ജോലിനോക്കിയിരുന്ന ഡ്രൈവർ രോഗബാധിതനായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടതിനാൽ ടിയാൾ സുഖമായിവരുന്നതുവരെ പകരം സംവിധാനം എന്ന നിലയിൽ 30/6/2020 ലെ കമ്മിറ്റി തീരുമാനപ്രകാരമാണ് പാർട്ട് ടൈം ലൈബ്രേറിയൻ ആയ അജയ് നാഥിനെ നിയമിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്. ഒരാൾ തന്നെ ഒരേസമയം, രണ്ട് തസ്തികയിൽ സേവനമനുഷ്ഠിക്കുന്നത് ക്രമപ്രകാരമല്ല. ഡ്രൈവർ തസ്തികയിൽ നിയമനം നടത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 20/28.11.22

## 1-30 മരാമത്ത് പദ്ധതി പ്രവർത്തനവും പദ്ധതിച്ചെലവും മോണിറ്ററിംഗും

സാമ്പത്തികവർഷം 64 പ്രൊജക്ടുകൾ ആവിഷ്കരിച്ചതിൽ 47 പ്രൊജക്ടുകൾക്ക് വേണ്ടിയാണ് തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. മൊത്തം 33980765 രൂപയുടെ അടങ്കൽ ആവിഷ്കരിച്ചതിൽ 15690998 രൂപ ചെലവഴിച്ചിട്ടുള്ളത്. സുലേഖ പത്രികയിലെ വിവരപ്രകാരം യാതൊരു പ്രൊജക്ടിനുവേണ്ടിയും വികസനഫണ്ട് ജനറൽ വകയിരുത്തിയിട്ടില്ല എന്ന *22*/11/22 ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സംസ്ഥാനസർക്കാർ അപ്പെൻഡിക്സ് 4 പ്രകാരം അനുവദിക്കുന്നതിൽ ലഭിക്കുന്ന തുക പദ്ധതി രൂപീകരണമാർഗരേഖ പ്രകാരം മേഖലാവിഭജനം വകയിരുത്തൽ, നിർബന്ധിത വകയിരുത്തൽ, മുൻഗണനാ പ്രൊജക്ട് എന്നിവക്ക് വേണ്ടിയുള്ള പ്രൊജക്ടുകൾക്കുള്ള വകയിരുത്തൽ എന്നിവ കഴിഞ്ഞാൽ പശ്ചാത്തലമേഖലയിൽ ആവശ്യമായ തുക വികസനഫണ്ട് ജനറലിൽ ഇല്ലാത്ത സാഹചര്യമാണ് നിലവിലുള്ളത് എന്ന് വിശദമാക്കുകയുണ്ടായി.

വകയിരുത്തുന്ന തുക പരമാവധി ചെലവഴിക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. പ്രവൃത്തികൾ സംബന്ധിച്ച മോണിറ്ററിങ് റിപ്പോർട്ടുകളിൽ ആയത് സംബന്ധിച്ച നിർദേശങ്ങൾ രേഖപ്പെടുത്തുകയോ, പ്രവൃത്തി ഗുണമേന്മയോടെയും കാര്യക്ഷമമായും ചെയ്തിട്ടുണ്ട്/ചെയ്തിട്ടില്ല എന്ന് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല എന്ന് കാണുകയുണ്ടായി. മോണിറ്ററിങ് റിപ്പോർട്ട് ആധികാരികമായും കുറ്റമറ്റ രീതിയിലും തയ്യാറാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-31 കരാറുകൾ ആധികാരികമായി ചമക്കുന്നില്ല

2012 ലെ കേരളാ പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2010 അനുശാസിക്കുന്ന മാതൃകയിലല്ല കരാറുകാരുമായി കരാർ ചമച്ചിട്ടുള്ളത്. കാലഹരണപ്പെട്ട കേരള ഡിറ്റയിൽഡ് സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാതൃകയിലാണ് ഇപ്പോഴും കരാർ ചമച്ചുവരുന്നത്. 2012-ലെ കേരള പൊതുമരാമത്ത് മാന്വൽ എല്ലാ ത.സ്വ.ഭ.വ. സ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിനാൽ ആയതിലെ നിബന്ധനകൾ ഉൾക്കൊള്ളിച്ചുകൊണ്ട് തന്നെ കരാറുകൾ ചമച്ച് ആധികാരികമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-32 പ്രൈസ് സോഫ്റ്റ്‌വെയറിൽ അപാകത

7/5/19-ലെ ത.സ്വ.ഭ. വകുപ്പിന്റെ സ.ഉ. (എം.എസ്) 74/19 നമ്പർ ഉത്തരവിൽ 5% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ത.സ്വ.ഭ.വകുപ്പ് സ്ഥാപനങ്ങളിലെ മരാമത്ത് പണികൾക്ക് വേണ്ടി PRICE സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റുകളിൽ 10% ഓവർഹെഡ് ചാർജ് ആണ് അനുവദിച്ചിട്ടുള്ളത്. ഇതിൻമേൽ 10% കോൺട്രാക്ടറുടെ ലാഭം കൂട്ടി ഉൾപ്പെടുത്തുമ്പോൾ കരാറുകാർക്ക് അധികതുക ലഭിക്കുന്നുണ്ട്. ഇക്കാര്യം ചീഫ് എൻജിനീയറുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തണ്ടതാണ്.

## 1-33 വെള്ളക്കെട്ട് നിവാരണം -വിവിധ വാർഡുകളിൽ കാനനിർമാണം - അപാകത

മേൽ പ്രവൃത്തി നിർവഹണത്തിൽ സംഭവിച്ച അപാകതയുടെ വിവരം താഴെ കൊടുക്കുന്നു.

2012 ലെ കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2214 വകുപ്പ് ,10/9/15 ലെ GO(Rt)1339/15/PWD ഉത്തരവ്വ പ്രകാരമുള്ള ക്വാളിറ്റി കൺട്രോൾ മാന്വൽ,10/9/15 ലെ സർക്കുലർ നം.10434/C3/14/PWD എന്നിവകളിലെ നിബന്ധനകൾ പ്രകാരം പതിനഞ്ച് ലക്ഷത്തിന്മേൽ അടങ്കലുള്ള പ്രവൃത്തികളുടെ കാര്യത്തിൽ ഏതെല്ലാം അവസരങ്ങളിൽ ബിൽ സമർപ്പിച്ചാലും ഉപയോഗിക്കുന്ന സാമഗ്രികളുടെ ഫസ്റ്റ് ടയർ ക്വാളിറ്റി കൺട്രോൾ ടെസ്റ്റിങ് സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതാണെങ്കിലും മേൽപ്പറയുന്ന പ്രവൃത്തിയുടെ കാര്യത്തിൽ ഇനം 2 പ്രകാരമുള്ള പ്ളെയിൻ/ റീൻഫോഴ്സ്ഡ് കോൺക്രീറ്റ് സിമന്റ് lii PCC ഗ്രേഡ് M 20 സ്പെസിഫിക്കേഷൻ പൂലർത്തിയതാണോ, ഇനം 3 പ്രകാരമുള്ള പ്ളയിൻ / റീൻഫോഴ്സ്ഡ് കോൺക്രീറ്റ് സിമന്റ് l PCC ഗ്രേഡ് M 15 സ്പെസിഫിക്കേഷൻ പൂലർത്തിയതാണോ എന്ന് തെളിയിക്കുന്ന ഗുണനിലവാര സർട്ടിഫിക്കറ്റ് കരാറുകാരൻ സമർപ്പിച്ചിട്ടില്ല.

പ്രൊജക്റ്റ് സംബന്ധിച്ച മറ്റ് വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | 140/22 |
| അടങ്കൽ, ഫണ്ട് | 53539/ സി. എഫ്. സി. ഗ്രാന്റ്<br>7011/ തനതുഫണ്ട്<br>2589050/ റോഡ് സംരക്ഷണഗ്രാന്റ് |
| സാ.അനുമതി | LSGD/TS/2020-21/65481/17/12/20 |
| കരാറുകാരൻ | പി.വിനോദ് |
| കരാർ | 25/AE/LSGD/CHP/21-22/8/6/21 |
| അളവുപുസ്തകം | 50/19-20 |
| ബിൽ നമ്പർ, തുക | 1/16/10/21, 1219902/<br>3/26/10/21, 472607/<br>4/ടി, 53939/<br>ആകെ 1746448/ രൂപ |

അപാകതകൾ സംഭവിക്കാനുണ്ടായതിന്റെ കാരണം വിശദമാക്കേണ്ടതും ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറിക്കുള്ള (ഓഡിറ്റ് എൻക്വയറി നം. 6/23/11/22 ) മറുപടിയിൽ ഇതുസംബന്ധിച്ചുള്ള അറിവില്ലായ്മ മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്ന് അസി. എൻജിനീയർ മറുപടി സമർപ്പിച്ചിട്ടുണ്ട്.

## 1-34 മീനയാറ്റൽ ബണ്ടുകളുടെയും ചാലുകളുടെയും അറ്റകുറ്റപ്പണി-കയർ ഭൂവസ്ത്രം അണിയിച്ചിട്ടില്ല, തൈകൾ വെച്ചുപിടിപ്പിച്ചിട്ടില്ല

തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായി 257700/- രൂപ വകയിരുത്തിയ പ്രൊജക്റ്റിൽ ജലാശയത്തിൽ ബണ്ടുകളും ചാലുകളും നിർമിച്ച് അവയുടെ സംരക്ഷണത്തിനായി കയർഭൂവസ്ത്രം വിരിച്ച് ആയതിൽ തൈകൾ നട്ടുവളർത്തുവാനാണ് വിശദമായ അടങ്കൽ പ്രകാരം ലക്ഷ്യമിട്ടത്. എങ്കിലും 147363/- രൂപ പ്രവൃത്തിമൂല്യം വന്ന പ്രസ്തുത പ്രൊജക്റ്റിന്റെ ഭാഗമായി അടങ്കലിൽ വകയിരുത്തിയ കയർ ഭൂവസ്ത്രനിർമാണം, ആയതിൽ തൈകൾ വെച്ചുപിടിപ്പിക്കൽ എന്നീ പ്രവൃത്തികൾ നിർവഹിച്ചിട്ടില്ല എന്ന് അളവുപുസ്തകം 258/21-22 പരിശോധിച്ചപ്പോൾ കാണുകയുണ്ടായി.

മേൽപറഞ്ഞ പ്രവൃത്തികൾ ചെയ്യാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്. പ്രോജക്റ്റ് റിപ്പോർട്ടിൽ നിർദ്ദേശിച്ച മുഴുവൻ പ്രവൃത്തികളും നിർവഹിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുവാൻ നിർവഹണാധികാരികൾ ശ്രദ്ധക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ തൊഴിലാളികൾ നൂറ് ദിവസത്തെ പ്രവൃത്തി പൂർത്തീകരിച്ചുകൊണ്ടും കയർഭൂവസ്ത്രനിർമാണത്തിൽ അവർക്ക് അറിവില്ല എന്നും ഭാവിയിൽ ഇപ്രകാരം ആവർത്തിക്കില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 1-35 തൊഴിലുറപ്പുപദ്ധതി പ്രവർത്തനം

സാമ്പത്തികവർഷം 2546 പ്രൊജക്റ്റുകൾ ആവിഷ്കരിച്ചതിൽ 288 പ്രൊജക്റ്റുകളാണ് പൂർത്തീകരിച്ചത്. 4197 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 1421 കുടുംബങ്ങൾ തൊഴിലെടുത്തു. 656 കുടുംബങ്ങൾക്ക് നൂറ് ദിവസത്തെ പ്രവൃത്തി ലഭിച്ചു. പ്രധാനമായും ഭൂവികസനപ്രവൃത്തികൾക്കും ചാലുകളുടെ പുനരുദ്ധാരണത്തിനുമാണ് കൂടുതൽ തുക ചെലവിട്ടത്. ഇവക്കായി യഥാക്രമം 18652419 രൂപയും 9398748 രൂപയും ചെലവഴിച്ചു. തൊഴുത്ത് നിർമാണത്തിനായി 910164 രൂപയും കോഴിക്കൂട് നിർമാണത്തിനായി 745534 രൂപയും ആട്ടിൻകൂട് നിർമാണത്തിനായി 650929 രൂപയും ചെലവഴിച്ചു. റോഡുകൾ, നടപ്പാതകൾ എന്നിവയ്ക്കായി തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. പരമാവധി കുടുംബങ്ങൾക്ക്

നൂറ് ദിവസത്തെ പ്രവൃത്തി നൽകാനും ഈടുറ്റ പൊതു ആസ്തികൾ സൃഷ്ടിക്കാനുതകുന്ന പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 260000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് /ബത്ത നൽകൽ(ജനറൽ) | 260000 | 0 |
| | 2021-22 | 37500 | ആശ്രയ വീട് വാസയോഗ്യമാക്കൽ | 37500 | 0 |
| | 2021-22 | 50000 | പാൽ സബ്സിഡി | 50000 | 0 |
| | 2021-22 | 465218 | ലൈഫ് ഭവനപദ്ധതി ജനറൽ | 465218 | 0 |
| | 2021-22 | 396406 | നെൽകൃഷി കൂലി ചെലവ് | 396406 | 0 |
| | 2021-22 | 160000 | ലൈഫ് ഭവനപദ്ധതി-എസ്.സി. | 160000 | 0 |
| | 2021-22 | 50871 | ഗോപാലൻ മാസ്റ്റർ പാലക്കുഴി റോഡ് നിർമ്മാണംവാർഡ് -12 | 50871 | 0 |
| | 2021-22 | 400000 | ലൈഫ് ഭവനപദ്ധതി ജനറൽ,20-21 | 400000 | 0 |
| | 2021-22 | 62500 | അങ്കണവാടി അനുപൂരക പോഷകാഹാരം | 62500 | 0 |
| | 20-21 | 110000 | ഭുവനേശ്വരി റോഡ് കുടിവെള്ള പദ്ധതി | 110000 | 0 |
| | | 1203980 | | | |
| | 2020-21 | 945800 | കിസാൻ കോർണർ റോഡ് റിനോവേഷൻ | 945800 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | | | | | |
| | 2020-21 | 500000 | ജലപ്രയാണം- Removal Of Flood Remains From Karuvannur Puzha | 500000 | 0 |
| | 2020-21 | 200000 | ഗോപാലൻ മാസ്റ്റർ റോഡ് എക്സ്റ്റൻഷൻ കുടിവെള്ള പൈപ്പ്ലൈൻ | 200000 | 0 |
| | 2020-21 | 130700 | വെർട്ടിക്കൽ പമ്പ്സെറ്റ് തുക കൈമാറൽ (ഗ്രാമശ്രീ കോൾപടവ്) | 130700 | 0 |
| | 2020-21 | 700000 | ഭ്രുവനേശ്വരി റോഡ് കുടിവെള്ള പദ്ധതി | 700000 | 0 |
| | 2020-21 | 358583 | അങ്കനവാടി പോഷകാഹാരം | 358583 | 0 |
| | 2020-21 | 232900 | നെൽകൃഷി കൂലിചെലവ് | 232900 | 0 |
| | | 3067983 | | | |

ACR കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിലെ B4-പട്ടികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ACR കൃത്യമായി എഴുതി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര്, പ്രൊജക്ട് നം. | വൗച്ചർ നം./ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ, പ്രോജക്റ്റ് നം. 89/21-22 | 22001192/16.02.21-90000<br>22001193/16.02.21-700000 | 892198 | 892198 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ പ്രോജക്റ്റ് നം.204/22 | 22001190/30.12.20-10000<br>22001194/11.1.21-200000 | 514368 | 514368 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | പോസ്റ്റ് ഷിഫ്റ്റിങ്ങ് പ്രോജക്റ്റ് നം.98/22 | | 445575 | 445575 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ (Egram CFC പ്രോജക്റ്റ്). | | 166038 | 166038 |

സാമ്പത്തിക വർഷത്തെ കണക്കുകൾ മാത്രമാണ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുള്ളത്. ഇക്കാരണത്താൽ വാർഷിക കണക്കുകളിലെ B18 പട്ടികയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിയ്ക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക (തൻ വർഷം) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി (ഹഡ്കോ) | 392400 ജി.ഒ (എം.എസ്) നം.68/2018 /എൽഎസ്ജിഡി തീ.18/05/18 | 0 | 2128965 | 396000 | 1732965 |

ജവഹർ പഞ്ചായത്ത് ഭവന പദ്ധതി പ്രകാരമുള്ള വായ്പ മുഴുവനായും വികസന ഫണ്ട് (പൊ.സാ.വി) പ്രോജക്ട് നം.6/22 പ്രകാരം 2021-22 വർഷത്തിൽ തിരിച്ചടച്ചിട്ടുണ്ട്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10856 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 10856 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10856 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെകൊടുക്കുന്നു.

| ക്രമ നം. | നിക്ഷേപത്തിന്റെ പേര് | നിക്ഷേപിച്ച തിയ്യതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | ചേർപ്പ് സർവ്വീസ് സഹകരണ ബാങ്ക് | 5000 രൂപ | 28-10-2019 | 5000 |
| 2 | KSFE ചേർപ്പ് | 5856 രൂപ | | 5856 |
| | ആകെ | 10856 രൂപ | | 10856 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 3-1 | 2006-07 | | ഉയർന്ന നിരക്കിൽ വീട്ടുവാടകബത്ത നൽകി. | |
| 2014-15 | 2-2 | 2016-17 | | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | |

| | | | | | |
|---|---|---|---|---|---|
| 2015-16 | 2-6 | 2016-17 | | ജീവനക്കാരുടെ തഴിൽ നികുതി ഈടാക്കിയിട്ടില്ല. | |
| 2015-16 | 2-7 | 2016-17 | | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 132882545.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 127057090 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4183/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 4,183 | ശ്രീ പ്രതീഷ് വി വി, അസി. സെക്രട്ടറി |

സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|---|
| 1-21 | 4,183 | ശ്രീ. പ്രതീഷ്. വി വി, അസി. സെക്രട്ടറി | അസി. സെക്രട്ടറി, ചേർപ്പ് ഗ്രാമപഞ്ചായത്ത് | വടക്കൂട്ട് ഹൗസ്, ആറാട്ടുപുഴ പി ഒ, ഇരിങ്ങാലക്കട |

## 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ

| ക്രമ നം. | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ ആകെ എണ്ണം | റിമാർക്സ് (CAR/CASE/ CH/SCH) |
|---|---|---|---|---|---|
| 1 | 1996-97 | LFT8-1727/97 തീ. 15.5.98 | 31, 32, 50(C) | 3 | 31 - SCH 32 - SCH |

| | | | | | |
|---|---|---|---|---|---|
| 2 | 1997-98 | LFT18-843/99 തീ. 29.2.2000/4.7.2000 | 51 (A) | 1 | |
| 3 | 1999-2000 ചെലവ് | LFT15-715/2003 തീ.8.10.03/5.12.03 | 12, 13, 15, 20, 24, 25 | 6 | - |
| 4 | 2000-01 | LFT15-729/2005 തീ. 22.12.05 | 3-5, 3-6 | 2 | |
| 5 | 2002-03 | LFT15-267/2006 തീ. 6.6.06/18.11.06 | 3-7(2)(3), 3-8(1), 3-9, 3-10, 3-12, 3-13 | 6 | |
| 6 | 2003-04 | LFT15-2791/06 തീ. 16.4.07/3.11.07 | 3-4(1)(3), 3-5, 3-6(1)(2), 3-8, 3-10, 3-12, 3-13 | 7 | |
| 7 | 2004-05 | LFT15-1701/08 തീ. 2.3.10/6.5.10 | 3-5, 3-6, 3-10, 3-11 | 4 | |
| 8 | 2005-06 | LFT15-1702/08 തീ. 2.3.10/15.5.10 | 3-7 | 1 | |
| 9 | 2006-07 | LFT15-538/10 തീ.29.1.11/6.6.11 | 3-1, 3-3, 3-9, 3-10, 3-11, 3-12 | 6 | |
| 10 | 2007-08 | LFT15-539/10 തീ. 29.1.11/6.6.11 | 3-1, 3-4, 3-8, 3-9, 3-10, 3-11 | 6 | |
| 11 | 2008-09 | LFTP9-856/11 തീ. 11.10.11/4.11.11 | 1-3, 2-1, 2-3, 2-4, 3-1, 3-4, 3-9, 3-12, 3-13, 3-14, 3-15, 3-19, 3-21, 3-22, 3-23, 3-24 | 16 | |
| 12 | 2009-10 | LFTP9-857/2011 തീ. 11.10.11 | 2-1, 3-1, 3-6, 3-10, 3-14, 3-15, 3-16, 3-17, 3-18, 3-20, 3-21, 3-23 | 12 | |
| 13 | 2010-11 | LFTP2-2297/12 തീ. 14.2.13/15.6.13 | 2-1, 2-2(2), 3-1, 3-2, 3-5, 3-6, 3-8, 3-9, 3-11, 3-14, 3-15, 3-16, 3-17, 3-18 | 14 | |
| 14 | 2011-12 | LFTP2-352/2013 തീ. 7.8.13/6.12.13 | 2-4, 2-4(1), 3-3, 3-7, 3-10, 3-15 | 6 | |
| 15 | 2012-13 | LFTP2-322/14 തീ. 2.8.14/6.8.14 | 2-6, 2-7(a)(b)(c), 3-1, 3-3(a)(b), 3-4(a)(b), 3-7, 3-8, 3-13 | 8 | |

| | | | | | |
|---|---|---|---|---|---|
| 16 | 2013-14 | LFTP2-1926/14 തീ. 16.4.15/22.6.15 | 2-3, 2-5, 3-1, 3-3, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-21, 3-22 | 19 | |
| 17 | 2014-15 | KSATSRP2-605/16 തീ. 3.6.16 | 1-3, 2-1, 2-2, 2-4, 3-1, 3-2, 3-3, 3-5, 3-6, 3-7, 3-9, 3-12, 3-13, 3-14 | 14 | 2-2 - SCH |
| 18 | 2015-16 | KSATSRP2-2079/16 തീ. 16.12.16 | 2-3, 2-4, 2-6, 2-7, 2-8, 3-1, 3-3, 3-4, 3-5(A)(B)(C), 3-6, 3-7,3-9, 3-10 | 13 | 2-6 – SCH<br>2-7 – SCH<br>3-7-SCH |
| 19 | 2016-17 | KSATSRP2-1358/17 തീ. 7.9.17/6.10.17 | 1-3, 2-3, 2-9, 3-3, 3-9, 3-10, 3-12(1)(2)(3), 3-13, 3-15 | 9 | |
| 20 | 2017-18 | KSATSRP2-62/2019 തീ. 4.4.19 | 1-12, 2-2, 2-6(2), 2-8, 2-10, 2-13, 2-14, 3-2, 3-3, 3-4, 3-7, 3-9, 3-10 | 13 | |
| 21 | 2018-19 | KSATSRP2-1784/2019 തീ. 7/2/2020 | 1-10, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-33, 1-34 | 23 | |
| 22 | 2019-20 | KSATSRP2-1355/2021 തീ. 3/7/2022 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 3-1 | 36 | |

| | | | | | |
|---|---|---|---|---|---|
| 23 | 2020-21 | KSATSRP2-1356/2022 തീ. 3/7/22 | 1-11, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33, 1-34, 1-35, 1-36, 1-37, 1-38, 1-39, 1-40, 1-41, 1-42, 1-43, 1-44, 1-45, 1-46, 1-47, 1-48 | 38 | |
| | ആകെ | | | 263 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ. ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ ചേർപ്പ് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്